"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- ആശ്വാസ നിധി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിതാ-ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.222/2026/WCDD തീയതി,തിരുവനന്തപുരം, 01-07-2026

പരാമർശം:-

1. സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി.10.12.2018.
2. സ.ഉ.(സാധാ) നം. 101/2021//സാ.നീ.വ തീയതി.08.11.2021.
3. വനിതാ-ശിശു വികസന ഡയറക്ടറുടെ 19.05.2026-ലെ DWCD/7283/2024-NCD നം. കത്ത്.

**ഉത്തരവ്**

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠുരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരവും പ്രസ്തുത പദ്ധതി ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. വയനാട് വനിത സംരക്ഷണ ഓഫീസർ സമർപ്പിച്ചിട്ടുള്ള ശിപാർശ പ്രകാരമുള്ള അതിജീവിത ഗാർഹികാതിക്രമത്തിന് ഇരയായിട്ടുള്ളതായും, സ്ഥിര മദ്യപാനിയായ ഭർത്താവിൽ നിന്നും നിരന്തര പീഡനങ്ങൾ കാരണം നിത്യരോഗിയായി തീർന്ന അതിജീവിതയ്ക്ക് ജോലിക്ക് പോകാനും കഴിയാത്ത അവസ്ഥയാണെന്നും ടി അതിജീവിത ആശ്വാസനിധി പദ്ധതി വഴി ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ മൂന്ന് വർഷത്തിൽ കൂടുതൽ കാലതാമസം വന്നിട്ടുള്ളതാണെന്നും അപേക്ഷ സമർപ്പിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം ഒഴിവാക്കി, ടി അതിജീവിതയെ ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 25,000/-(ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം വനിതാ-ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, വയനാട് വനിത സംരക്ഷണ ഓഫീസർ ശിപാർശ ചെയ്തിട്ടുള്ള അതിജീവിതയ്ക്ക് ആശ്വാസനിധി പദ്ധതിയിൽ

ഉൾപ്പെടുത്തി 25,000/-(ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ അനുവദിച്ച് നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കാണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Hena R Raj
Date: 01-07-2026 11:59:47
സെക്ഷൻ ഓഫീസർ